(ബി) ഇതിനായി എത്രകോടി രൂപ ചെലവഴിച്ചിട്ടുണ്ട് ;

(സി) പാഠപുസ്തകങ്ങളുടെ അച്ചടി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) ഈ വർഷത്തെ പാഠപുസ്തകങ്ങളുടെ അച്ചടി യഥാസമയം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) സൊസൈറ്റി ഏറ്റെടുത്തിട്ടുള്ള പ്രധാന അച്ചടി ജോലികൾ എന്തെല്ലാമാണ് ;

(എഫ്) സൊസൈറ്റിയുടെ സാമ്പത്തിക നില വ്യക്തമാക്കുമോ ?

ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) :

(എ) ഒരേ സമയം 32 പേജും മണിക്കുറിൽ 36000 കോപ്പിയും അച്ചടിക്കാൻ കഴിയുന്ന പുതിയ 4 കളർ അച്ചടിയന്ത്രം സ്ഥാപിച്ചിട്ടുണ്ട്.

(ബി) 2 കോടി 72 ലക്ഷം രൂപ.

(സി) 2011-12 അദ്ധ്യയനവർഷത്തേക്ക് 2,30,30,000 പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള ഓർഡർ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ളതിൽ 50 ശതമാനത്തോളം അച്ചടി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ബാധകമല്ല.

(ഇ) വിവരം അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.*

(എഫ്) 2004-05 സാമ്പത്തിക വർഷം മുതൽ സൊസൈറ്റി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. വിശദാംശം അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്.*

ബി.പി.എൽ. സർവ്വേ

30(*210) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. ബി. രാഘവൻ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്രരേഖയ്ക്കു താഴെയുള്ളവരെ കണ്ടെത്തുന്നതിനായി എല്ലാ സംസ്ഥാനങ്ങളിലും വീണ്ടും ബി.പി.എൽ. സർവ്വേ നടത്തണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) സർവ്വേ സംബന്ധിച്ച് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) കേന്ദ്ര നിർദ്ദേശപ്രകാരം വീണ്ടും ബി.പി.എൽ. സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനായി പുതിയ ഒരു ബി.പി.എൽ. സെൻസസ് നടത്തുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ചെലവുകൾക്കായി സംസ്ഥാനത്തിന് 426.91 ലക്ഷം രൂപ ഒന്നാം ഗഡുവായി അനുവദിച്ചിട്ടുണ്ട്. ബി.പി.എൽ. സെൻസസ് നടത്തുന്നതിനുള്ള രീതി സംബന്ധിച്ച കാര്യങ്ങൾ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടില്ല. ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടില്ല. ബി.പി.എൽ. സെൻസസ് നടത്തുന്നതിനുള്ള രീതി തീരുമാനിക്കുന്നതിനായുള്ള പഠന സർവ്വേ (Pilot-pretest) വിവിധ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ നടത്തിവരുന്നു.

(ബി) പുതിയ ബി.പി.എൽ. സെൻസസ് നടത്തുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടില്ല.

(സി) കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം എല്ലാ സംസ്ഥാനങ്ങളിലും ബി.പി.എൽ. സെൻസസ് നടത്തേണ്ടി വരും.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പോലീസ് സേനയുടെ നവീകരണത്തിനുള്ള ചെലവ്

1 (1740) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി ലക്ഷ്യമിട്ടിരുന്ന പ്രധാന പരിപാടികൾ വ്യക്തമാക്കുമോ ;

(ബി) പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച ആകെ തുക എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ;

(സി) പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനായി കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും ലഭ്യമായ കേന്ദ്ര സഹായത്തിന്റെയും ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പോലീസ് മോഡേണൈസേഷൻ സ്കീമിന്റെ ഭാഗമായി, ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ഫോറൻസിക് സയൻസ് ലബോറട്ടറി, ഫിംഗർ പ്രിന്റ് ബ്യൂറോ മുതലായവയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly